"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലശ്ശേരി നഗരസഭ - ക്ലീൻ സിറ്റി മാനേജർ ശ്രീ.പ്രമോദ് .കെ-യ്ക്ക് എതിരായ അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ടുള്ള ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2502/2025/LSGD തീയതി,തിരുവനന്തപുരം, 15-10-2025

---

പരാമർശം:-

1. 12.06.2025 തീയതിയിലെ സ.ഉ(സാധാ)നം.1453/2025/LSGD.
2. ശ്രീ.പ്രമോദ് .കെ സമർപ്പിച്ച 24.06.2025 തീയതിയിലെ അപ്പീൽ അപേക്ഷ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.07.2025 തീയതിയിലെ LSGD/PD/37816/2024-VIGE3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലശ്ശേരി നഗരസഭ പരിധിയിലെ മൗവ്വൻസ് എന്ന പഴയ ആശുപത്രി കെട്ടിടത്തിൽ നഗരസഭ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ലൈസൻസ് ഇല്ലാതെ അന്യസംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്നു എന്നുള്ള പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തലശ്ശേരി നഗരസഭയിൽ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ, തൊഴിലാളികളെ താമസിപ്പിച്ച കെട്ടിടത്തിന് പെർമിറ്റ്/രജിസ്ട്രേഷൻ/ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചതിനാലും മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്താതെ പ്രവർത്തിച്ചതിനാലും ആയതിന് പിഴ ഒടുക്കണം എന്ന നിയമം നിലവിലിരിക്കെ മുനിസിപ്പാലിറ്റിയിലേക്ക് നിയമാനുസരണം ഒടുക്കേണ്ട പിഴ പ്രസ്തുത കാലയളവിൽ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. ടി ക്രമക്കേടിന് ക്ലീൻ സിറ്റി മാനേജർ ആയിരുന്ന ശ്രീ.പ്രമോദ് .കെ -യ്ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ക്ലീൻ സിറ്റി മാനേജർ ആയിരുന്ന ശ്രീ.പ്രമോദ്.കെ-യ്ക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു . തുടർന്ന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് മാലിന്യ സംസ്കരണ സംവിധാനമില്ലാതെ സ്ഥാപനം പ്രവർത്തിപ്പിച്ചതിനും മാലിന്യം അലക്ഷ്യമായി പൊതുസ്ഥലത്ത് നിക്ഷേപിച്ചതിനും ബന്ധപ്പെട്ടവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് നഗരസഭാ ഹെൽത്ത് വിഭാഗത്തിന്റെ മേധാവി എന്ന നിലയിൽ ശ്രീ.പ്രമോദ്.കെ-യുടെ ഭാഗത്തു നിന്നും വീഴ്ചയാണെന്ന് കണ്ട് ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലപ്രാബല്യത്തോടെയല്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്കനടപടി തീർപ്പാക്കി

ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ ശ്രീ.പ്രമോദ്.കെ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയത് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. 23/03/2023 ലെ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ A ഡിവിഷൻ SPHI ക്ക് അയക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 27/04/2023 ന് ആദ്യ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും 25/05/2023-ന് SPHI സമർപ്പിച്ച റിപ്പോർട്ടിൽ KM Act 447 പ്രകാരം ലൈസൻസ് ഇല്ലാതെ കെട്ടിടത്തിൽ ലോഡ്ജ്/ഹോട്ടൽ മാതൃകയിൽ ആൾക്കാരെ താമസിപ്പിച്ചതും സെക്ഷൻ 334A പ്രകാരം മാലിന്യ സംസ്കരണ സംവിധാനം ഇല്ലാതെ പ്രവർത്തിച്ചതും നിയമ വിരുദ്ധമാണെന്നും ആയതിന് പിഴ ഈടാക്കണമെന്നും റിപ്പോർട്ട് ചെയ്തിരുന്നുവെന്നും എന്നാൽ പരാതിയും അന്വേഷണ റിപ്പോർട്ടും നേരിട്ട് നടത്തിയ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി തുടർന്നും പ്രവർത്തിക്കുവാൻ അനുമതി നൽകത്തക്ക രിതിയിലല്ല സ്ഥാപനം പ്രവർത്തിക്കുന്നത് എന്നും, ആയത് അടച്ച് പൂട്ടിയെങ്കിൽ മാത്രമേ പ്രശ്ന പരിഹാരമാവൂ എന്ന് വിലയിരുത്തുകയും അപ്രകാരം തിർപ്പ് കൽപ്പിക്കുന്നതിന് സെക്രട്ടറിക്ക് 19/07/2023 ന് ശിപാർശ ചെയ്യുകയും ഹയലിൽ സ്വീകരിച്ച നടപടികൾ പരാതിക്കാരെ അറിയിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണെന്നും ടി ശിപാർശയുടെ അടിസ്ഥാനത്തിൽ 01.08.2023 ന് സെക്രട്ടറി കെട്ടിടം അടച്ച് പൂട്ടാൻ SPHI ശ്രീ.ജിതേഷ് ഖാനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നുവെന്നും ഫയൽ നടപടികൾ നടന്നുകൊണ്ടിരിക്കെ 26/07/23-ന് 2023-ലെ ജനറൽ ട്രാൻസ്ഫർ ഉത്തരവിൽ കോഴിക്കോട് കോർപ്പറേഷനിലേക്ക് സ്ഥലം മാറിപ്പോയിട്ടുള്ളതാണെന്നും 17/07/2023 തീയതിയിൽ സ്ഥാപനം അടച്ചു പൂട്ടുന്നതിന് സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നതിനുള്ള ശിപാർശ സെക്രട്ടറി അംഗീകരിച്ചിട്ടുള്ളതും മുനിസിപ്പൽ ആക്ട് പ്രകാരം നഗരസഭയ്ക്ക് സ്വീകരിക്കാവുന്ന ഏറ്റവം ഉചിതവും കർശനവുമായ നടപടിയാണ് ശിപാർശ ചെയ്തിട്ടുള്ളതെന്നും ആയതുകൊണ്ട് തന്നെ തികച്ചും സത്യസന്ധവും കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചിട്ടുള്ളതാകയാൽ സ്വീകരിച്ച നടപടി പുനഃപരിശോധിച്ച് കുറ്റവിമുക്തനാക്കണമെന്നും ശ്രീ.പ്രമോദ്.കെ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെടുന്നു.

4. മൗവൻസ് ഹോസ്പിറ്റലിന്റെ കെട്ടിടത്തിൽ ലൈസൻസില്ലാതെ അന്യസംസ്ഥാന തൊഴിലാളികളെ പാർപ്പിച്ചതിനാൽ ഉണ്ടായിട്ടുള്ള സാമൂഹികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീമതി ഫാത്തിമ മുതൽ പേർ 23.03.2023 തീയതിയിൽ നഗരസഭാ സെക്രട്ടറിക്ക് സമർപ്പിച്ച പരാതിയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടത്തിന് ലോഡ്ജിംഗ്/ഹോസ്റ്റൽ ലൈസൻസ് ഇല്ലെന്നും, കെട്ടിടത്തിന്റെ മുൻ വശത്ത് 6 വലിയ പ്ലാസ്റ്റിക് ചാക്കുകളിലും 4 പ്ലാസ്റ്റിക് ബക്കറ്റുകളിലുമായി ജൈവ, അജൈവ, പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിക്കാതെ വൃത്തിഹീനമായി സൂക്ഷിച്ചിട്ടുള്ളതായും പരിസരം വൃത്തിഹീനമാണെന്നും, അജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിന് ഹരിതകർമ്മസേനാ രജിസ്ട്രേഷൻ ഇല്ലെന്നും അറിയിച്ചിരുന്നു. അതീവ ഗൗരവത്തോടെ കാണേണ്ട ഈ വിഷയത്തിൽ ക്ലീൻ സിറ്റി മാനേജർ ആയ ശ്രീ.പ്രമോദ് .കെ സമയബന്ധിതമായി നടപടി സ്വീകരിച്ചില്ലെന്നു കാണുന്നു. നടപടി സ്വീകരിക്കാത്തതിനെ തുടർന്ന് കെട്ടിടം അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കണമെന്ന് കാണിച്ച് പരിസരവാസികൾ 07.06.2023-ന് വീണ്ടും പരാതി സമർപ്പിച്ചതിനെ തുടർന്നാണ് കെട്ടിടത്തിനെതിരെ കേരള മുനിസിപ്പൽ നിയമം 334 എ, 440, 447, 532 എന്നീ വകുപ്പുകൾ പ്രകാരം 04.07.2023-ന് നോട്ടീസ് നൽകുന്നതും കെട്ടിടം അടച്ച് പൂട്ടുന്നതിന് ഉത്തരവായിട്ടുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം ക്ലീൻ സിറ്റി മാനേജർ ശ്രീ.പ്രമോദ്.കെ സമർപ്പിച്ച അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മൗവൻസ് ഹോസ്പിറ്റലിന്റെ കെട്ടിടത്തിൽ ലൈസൻസില്ലാതെ അന്യസംസ്ഥാന തൊഴിലാളികളെ പാർപ്പിച്ചതുമായി ബന്ധപ്പെട്ട പരാതി കൈകാര്യം ചെയ്തതിൽ ക്ലീൻ സിറ്റി മാനേജർ ശ്രീ.പ്രമോദ്.കെ-യ്ക്ക് വീഴ്ച സംഭവിച്ചതിനാൽ പരാമർശം 1-ലെ ഉത്തരവിലെ ശിക്ഷാവിധി പുന:പരിശോധിക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ തലശ്ശേരി നഗരസഭയിലെ ക്ലീൻസിറ്റി മാനേജർ ആയിരുന്ന ശ്രീ.പ്രമോദ്.കെ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ശ്രീ. പ്രമോദ്.കെ, മുൻ ക്ലീൻ സിറ്റി മാനേജർ, തലശ്ശേരി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/133/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-10-2025 10:53:45
സെക്ഷൻ ഓഫീസർ